"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ.ബിനു കുര്യാക്കോസിന്റെ കരാർ കാലാവധി 10-03-2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.213/2025/TSM തീയതി,തിരുവനന്തപുരം, 07-04-2025

---

പരാമർശം:-

1. സ.ഉ (സാധാ) നം.61/2022/ടൂറിസം തീയതി 08-03-2022
2. സ.ഉ (സാധാ) നം.145/2023/ടൂറിസം തീയതി 04-04-2023
3. സ.ഉ (സാധാ) നം. 138/2024 /ടൂറിസം തീയതി 07-03-2024
4. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 05-03-2025 തീയതിയിലെ DOT/9276/2023-E3 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം , കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആയി നിയമിതനായ ശ്രീ. ബിനു കുര്യാക്കോസിന്റെ കരാർ നിയമനം സംബന്ധിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടറും, ശ്രീ. ബിനു കുര്യാക്കോസും തമ്മിൽ കരാർ ഒപ്പ് വയ്ക്കുകയും, തുടർന്ന്, പരാമർശം (2) , (3) പ്രകാരം ടിയാന്റെ കരാർ കാലാവധി ഒരോ വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. 2024-25 കാലയളവിലെ പ്രവർത്തന റിപ്പോർട്ട് പ്രകാരം ശ്രീ. ബിനു കുര്യാക്കോസിന്റെ പ്രവർത്തനവും സ്വഭാവവും തൃപ്തികരമായതിനാൽ മൂന്നാം വർഷത്തെ കരാർ കാലാവധി അവസാനിക്കുന്ന 10-03-2025 മുതൽ ഒരു വർഷത്തേക്ക് ടിയാന്റെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് പരാമർശം (4) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കേരള

അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ. ബിനു കുര്യാക്കോസിന്റെ ടി തസ്തികയിലെ കരാർ കാലാവധി 10-03-2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(3). കരാർ നിയമന സേവന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ടിയാനുമായി കരാർ പുതുക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.
ശ്രീ. ബിനു കുര്യാക്കോസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി, വഴുതയ്ക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I & II ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/57/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 07-04-2025 16:53:08

സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.